കളിലെ തൊഴിലാളികൾ, പാവപ്പെട്ട മൽസ്യത്തൊഴിലാളികൾ എന്നിവർക്കായി ഭവന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഈ പദ്ധതിയനുസരിച്ച് എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) പുതിയ ഭവന നിർമ്മാണ പദ്ധതികൾ മൈത്രീപദ്ധതി, ത്രിതല പഞ്ചായത്തുകൾ നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതി, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കു വേണ്ടിയുള്ള സുവർണ്ണ ജൂബിലി സമ്പൂർണ്ണ പാർപ്പിട പദ്ധതി തുടങ്ങിയവയാണ്.

(ബി)-(ഡി) രണ്ടു വർഷം കൊണ്ട് 5 ലക്ഷം ഭവനങ്ങൾ നിർമ്മിച്ച് ഭവന രഹിതർക്കെല്ലാം വീടുകൾ നൽകുവാനാണ് ഗവൺമെന്റ് പരിപാടിയിട്ടിരിക്കുന്നത്. ഇതനുസരിച്ച് 1996-97-ൽ 82412 വീടുകളും 1997-99-ൽ 1,31397 വീടുകളും 1998-99-ൽ 2,44853 വീടുകളും 1999-2000-ൽ 88,347 വീടുകളും ഉൾപ്പെടെ ആകെ 4,47009 വീടുകൾ നിർമ്മിച്ചിട്ടുണ്ട്.

(ഇ)&(എഫ്) ഈ വിഭാഗങ്ങളിലെ തൊഴിലാളികൾക്കും മൈത്രി ഭവന പദ്ധതി പ്രകാരം ആനുകൂല്യം നൽകി വരുന്നു.

16 (*102) ഹയർ സെക്കന്ററി നിയമനത്തിന് പ്രവേശന പരീക്ഷ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വി.എച്ച്.എസ്. ഇ പ്ലസ് ടു സ്കൂളുകളിലെ നിയമനത്തിന് പ്രവേശന പരീക്ഷ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതു താഴേ തലങ്ങളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) പ്ലസ് ടു സ്കൂളുകളിൽ നിയമനത്തിന് പ്രവേശന പരീക്ഷ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. വി.എച്ച്.എസ്.ഇ.ക്ക് പ്രവേശന പരീക്ഷ നടത്താൻ ഉദ്ദേശമില്ല.

(ബി) വിശദാംശങ്ങൾ അനുബന്ധത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

(സി) ഉദ്ദേശ്യമില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

17 (*103) സ്കൂളുകൾ ദത്തെടുക്കുന്ന പദ്ധതി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ.സി. ജോസഫ് :

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജയ ശതമാനം മെച്ചമാക്കുന്നതു ലക്ഷ്യം വെച്ച് സംസ്ഥാനത്ത് സ്കൂളുകൾ ദത്തെടുക്കുന്ന ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്;

(സി) പദ്ധതി പ്രകാരം സ്കൂളുകൾ ദത്തെടുക്കുന്നതിന്റെ മനദണ്ഡമെന്താണെണ് വിശദമാക്കുമോ;

(ഡി) ഏതെങ്കിലും ജില്ലയ്ക്ക് മാനദണ്ഡത്തിൽ ഇളവ് നൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ഇ) സ്വകാര്യ മേഖലയിലെ എയ്ഡഡ് സ്കൂളുകൾ ഈ പരിധിയിൽ വരുന്നുണ്ടോ;

(എഫ്)ഈ പദ്ധതി നടപ്പാക്കുമ്പോൾ അദ്ധ്യാപകർ അധിക ജോലി ചെയ്യേണ്ടി വരുമോ;

(ജി) അധിക ജോലി ചെയ്യുന്നതിനെതിരെ അദ്ധ്യാപക സംഘടനകൾ പ്രതികരിച്ചിട്ടുണ്ടോ;

(എച്ച്) ഈ പദ്ധതി പ്രകാരം നിർദ്ധനരും സമർത്ഥരുമായ കുട്ടികൾക്ക് അവരുടെ പഠന സൗകര്യം മെച്ചപ്പെടുത്താൻ പഠനോപകരണങ്ങളും ഭക്ഷണവും സൗജന്യമായി നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) ഉണ്ട്.

(ബി) എല്ലാ ജില്ലകളിലും നടപ്പാക്കാൻ ലക്ഷ്യമിടുന്നു.

(സി) 1996-97 ൽ എസ്.എസ്.എൽ.സി. പരീക്ഷക്ക് 25%വും അതിൽ താഴെയും വിജയശതമാനം കരസ്ഥമാക്കിയ സ്കൂളുകളെയും 97-98ൽ 30% വും അതിൽ താഴെയും വിജയശതമാനം കരസ്ഥമാക്കിയ സ്കൂളുകളെയും, 98-99 ൽ 35%വും അതിൽ താഴെയും കരസ്ഥമാക്കിയ സ്കൂളുകളെയും 1999-2000 ൽ 50% വും അതിൽ താഴെയും കരസ്ഥമാക്കിയ സ്കൂളുകളെയുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) ഇല്ല.

(ഇ) 1998-99 മുതൽ പ്രസ്തുത സ്കൂളുകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(എഫ്)ഒരാഴ്ചയിൽ ഒരദ്ധ്യാപകന് പരമാവധി മൂന്നു പീരീഡ് അധിക ജോലി ചെയ്യേണ്ടി വരും.

(ജി) ഉണ്ട്.

(എച്ച്) ഇല്ല. എന്നാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മറ്റു സന്നദ്ധസംഘടനകളും ഈ പരിപാടിയുമായി സഹകരിക്കുകയും സ്കൂൾ സമയം കഴിഞ്ഞ് പഠനത്തിലേർപ്പെടുന്ന വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം നൽകുകയും മറ്റു പഠന പ്രവർത്തനങ്ങളിൽ സഹകരിക്കുകയും ചെയ്തിട്ടുണ്ട്.

1018/2010.

LIBRARY ARCHIVES Kerala Legislative Assembly